**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – തൊഴിൽകാർഡ് പുതുക്കി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1246/13/തസ്വഭവ തിരുവനന്തപുരം, തീയതി, 09.05.2013

==========================================================================

പരാമർശം: 1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 13.12.2012-ലെ 3493/ഇ.ജി.എസ്.2/10/സി.ആർ.ഡി. നമ്പർ കത്ത്.
2. 04.10.2012-ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 12-ാമത്തെ യോഗതീരുമാനം.

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5 വർഷം പൂർത്തീകരിച്ച 3-ാം ഘട്ട ജില്ലകൾ പുതുക്കിയ തൊഴിൽ കാർഡുകൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം(2)ലെ തീരുമാന പ്രകാരം പരാമർശം (1) ൽ **മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.**

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5 വർഷം പൂർത്തീകരിച്ച 3-ാം ഘട്ട ജില്ലകൾ, നിലവിൽ 1-ാം ഘട്ട ജില്ലകൾ പുതുക്കി വിതരണം ചെയ്തിട്ടുള്ള തൊഴിൽ കാർഡിന്റെ മാതൃകയിൽ പുതിയ തൊഴിൽ കാർഡുകൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി കാർഡിൽ നിർബന്ധമായും ആധാർ നമ്പർ ഉൾപ്പെടുത്തേണ്ടതും നമ്പർ ലഭ്യമാകാത്ത കുടുംബങ്ങൾ ആധാർ എൻറോൾമെന്റ് നമ്പർ ഉപയോഗിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി.ശിവപ്രസാദ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
3. എല്ലാ ജില്ലാകളക്ടർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ